21/06/2025

SATURDAY

ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA


**Chief Editor:** SINDHU. KS **Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 21/06/2025.

1. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര CPBMB കോളേജിൽ താഴെ പറയുന്ന ടിഷ്യു കൾച്ചർ തൈകൾ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. വാഴ (ഗ്രാൻഡ് നൈൻ) 20 രൂപ ഇഞ്ചി മൈക്രോറൈസോം (ആതിര) 5 രൂപ കൂടുതൽ വിവരങ്ങൾക്കായി: 9048178101, 9747154013

2. ഫ്രാൻസിലെ അഗ്രിക്കൾച്ചറൽ റിസർച്ച് സെൻറർ ഫോർ ഇൻർനാഷണൽ ഡെവലപ്മെന്റിൽ (CIRAD) പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പിന് അപേക്ഷ ക്ഷണിച്ചു "മൾട്ടി-ഒമിക്സ് അപ്രോച്ച് റ്റു ഡെസിഫർ ദി ഇമ്മ്യൂൺ റെസ്പോൺസസ് കൺട്രോളിങ് കൊറിനിസ്പോറ ലീഫ് ഫാൾ ഡിസീസ് ഓഫ് റബ്ബർ ട്രീ (Multi-omics approach to decipher the immune responses controlling Corynespora leaf fall disease of rubber tree) എന്ന ഗവേഷണപദ്ധതിയിൽ 2025 സെപ്റ്റംബർ ഒന്ന മുതൽ 12 മാസത്തേക്ക് ആയിരിക്കും നിയമനം. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ഡോ. ബിന്ദു റോയ്, CIRAD (ഫ്രാൻസ്) -ലെ ഡോ. വലേരി പുജേഡ എന്നിവരാണ് ഗവേഷണത്തിന് നേതൃത്വം നൽകുന്നത്. അപേക്ഷകർ പിഎച്ച് ഡി ഡിഗ്രി ഉള്ളവരോ ഉടൻ പിഎച്ച് ഡി. ഡിഗ്രി ലഭിക്കാൻ സാധ്യതയുള്ളവരോ ആയിരിക്കണം. ഫ്രഞ്ച് പൗരത്വം ഒഴികെ മറ്റെല്ലാ പൗരത്വമുള്ളവർക്കും അപേക്ഷിക്കാവുന്നതാണ്. ഫ്രഞ്ച് ഭാഷയിൽ പ്രാവീണ്യം നിർബന്ധമില്ല. 2025 ജൂലൈ 15-ന് മുമ്പായി അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡിന്റെ വെബ്സൈറ്റ് (www.rubberboard.gov.in)

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സന്ദർശിക്കുകയോ 9446375352 എന്ന ഫോൺനമ്പരിൽ ബന്ധപ്പെടുകയോ ചെയ്യാവുന്നതാണ്.

3. കേരള കാർഷിക സർവകലാശാലയുടെ വിവിധ ക്യാമ്പസുകളിൽ 2025-26 അധ്യയന വർഷത്തിലെ +2/തത്തുല്യ യോഗ്യത അടിസ്ഥാനമായുള്ള താഴെ പറയുന്ന കോഴ്സുകളിലേക്ക് അപേക്ഷിക്കുന്നതിനുള്ള (25.04.2025 ലെ No. KAU EDU/743/2025 EDU F3 വിജ്ഞാപനം) അവസാനതിയതി 30.06.2025 വരെ നീട്ടിയിരിക്കുന്നു. ഡിപ്ലോമ ഇൻ അഗ്രികൾച്ചറൽ മെക്കനൈസേഷൻ, ഡിപ്ലോമ ഇൻ റീറ്റെയിൽ മാനേജ്മന്റ് വിശദവിവരങ്ങൾക്കും, അപേക്ഷ സമർപ്പിക്കുന്നതിനും www.admissions.kau.in എന്ന സർവകലാശാല വെബ് പോർട്ടൽ സന്ദർശിക്കുക. അന്വേഷണങ്ങൾക്ക് 0487-243-8139 എന്ന നമ്പറിൽ (രാവിലെ 10 മുതൽ വൈകീട്ട് 5 വരെ) ബന്ധപ്പെടാവുന്നതാണ്

4. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന ആർ കെ വി വൈ-പി ഡി എം സി സൂക്ഷ്മ ജലസേചന പദ്ധതിയിലൂടെ കൃഷിയിടങ്ങളിൽ സൂക്ഷ്മ ജലസേചന സംവിധാനങ്ങൾ സബ്സിഡിയോടെ സ്ഥാപിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. സ്വന്തമായി കൃഷിയിടമുള്ള കർഷകർക്ക് നിബന്ധനകളോടെ ചെലവിന്റെ 55 ശതമാനം ധനസഹായം ലഭിക്കും. അപേക്ഷയുടെ പകർപ്പ് ജില്ലയിലെ കൃഷിഭവനുകളിലും കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ കാര്യാലയത്തിലും ലഭിക്കും. ആധാർ കാർഡ്, ബാങ്ക് പാസ്സ്ബുക്ക്, ഈ വർഷം ഒടുക്കിയ ഭൂനികുതി രശീതി, ജാതി സർട്ടിഫിക്കറ്റ് (എസ് സി, എസ് ടി വിഭാഗങ്ങൾക്ക്) എന്നിവ സഹിതമാണ് അപേക്ഷ നൽകേണ്ടത്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. ഫിഷറീസ് വകുപ്പിന്റെ അടിസ്ഥാന സൗകര്യ, മാനവശേഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് രക്ഷിതാക്കളും രോഗബാധിതരായി കിടപ്പിലായതോ മരണപ്പെട്ടതോ ആയ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസം നടത്തുന്നതിനായി പ്രത്യേക ധനസഹായം നൽകുന്നു. മത്സ്യബന്ധനത്തിനിടെ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മുൻഗണന ലഭിക്കും. പൂരിപ്പിച്ച അപേക്ഷയോടൊപ്പം മരണ സർട്ടിഫിക്കറ്റിന്റെ പകർപ്പ് സഹിതം ജൂൺ 25 നകം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, മാപ്പിളബേ ഫിഷറീസ് കോംപ്ലക്സ്, പി.ഒ കണ്ണൂർ ജില്ലാ ആശുപത്രി, കണ്ണൂർ-17 എന്ന വിലാസത്തിലോ ddfisherieskannur@gmail. com ഇ മെയിൽ വിലാസത്തിലോ ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക് കണ്ണൂർ മാപ്പിള ബേയിലുള്ള ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസുമായോ 0497 2731081 നമ്പറിലോ ബന്ധപ്പെടാം.

6. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര CPBMB കോളേജിൽ താഴെ പറയുന്ന ടിഷ്യൂ കൾച്ചർ തൈകൾ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. വാഴ (ഗ്രാൻഡ് നൈൻ) 20 രൂപ ഇഞ്ചി മൈക്രോറൈസോം (ആതിര) 5 രൂപ കൂടുതൽ വിവരങ്ങൾക്കായി: 9048178101, 9747154013

 പ രിശീലന പരിപാടി

7. പട്ടികജാതി പട്ടികവർഗക്കാർക്ക് സൗജന്യ പരിശീലനം

കേന്ദ്ര തൊഴിൽ ഉദ്യോഗ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ദേശീയ തൊഴിൽ സേവന കേന്ദ്രം പട്ടികജാതി പട്ടികവർഗക്കാരായ ഉദ്യോഗാർഥികളുടെ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനു വേണ്ടി സൗജന്യ പരിശീലന പരിപാടി (Special Coaching Scheme) 2025 ജൂലായ് 1ന് തിരുവനന്തപുരത്ത് ആരംഭിക്കുന്നു. ടൈപ്പ്റൈറ്റിംഗ്, ഷോർട്ട്ഹാൻഡ്, കമ്പ്യൂട്ടർ, ഇംഗ്ലീഷ്, അരിത്തമാറ്റിക്, ജനറൽനോളഡ്ജ് വിഷയങ്ങളിലാണ് പരിശീലനം. പ്ലസ് ടു വാണ് അടിസ്ഥാന യോഗ്യത. പ്രായ പരിധി 27 വയസ്സ്. വാർഷിക വരുമാനം 3 ലക്ഷം കവിയാൻ പാടില്ല. കോഴ്സിന്റെ കാലാവധി ഒരു വർഷം. പ്രതിമാസം 1,000 രൂപ സ്റ്റൈപന്റും മറ്റ് പഠനസാമഗ്രികകളും സൗജന്യമായി നൽകും. കോഴ്സിൽ ചേരാൻ താൽപ്പര്യമുള്ളവർ പൂരിപ്പിച്ച അപേക്ഷാഫോറവും അനുബന്ധ രേഖകളുടെ പകർപ്പുകളും സഹിതം "The Sub- Regional Employment Officer I/C, National Career Service Centre for SC/ST, Behind Govt. Music College, Thycaud, Trivandrum-14* എന്ന വിലാസത്തിലോ placementsncstvm@gmail.com ഇ-മെയിലിലോ നേരിട്ട് ഓഫീസിൽ എത്തിയോ ജൂൺ 27 നകം അപേക്ഷ സമർപ്പിക്കണം. അപേക്ഷാ ഫോറത്തിനും മറ്റ് വിശദവിവരങ്ങൾക്കും "National Career Service Centre for SC/STs, Trivandrum ഫേസ് ബുക്ക് പേജ് സന്ദർശിക്കുക ഫോൺ: 0471 2332113.

8. കേരള കാർഷിക സർവ്വകലാശാല കൂൺ കൃഷി എന്ന വിഷയത്തിൽ സൗജന്യ മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സ് (MOOC) ജൂൺ 30 മുതൽ ജൂലൈ 19 വരെ നടത്തുന്നു. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി 2025 ജൂൺ 29 കൂടുതൽ

വിവരങ്ങൾക്ക് : celkau@gmail.com എന്ന ഇ മെയിൽ വിലാസത്തിലോ 0487 2438567, 8547837256 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടുക

9. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) "Plant Propagation and Nursery Management" എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. താല്പര്യമുള്ളവര് www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ് എന്ന ലിങ്കില് നിന്നും രജിസ്ട്രേഷൻ ഫോറം പൂരിപ്പിച്ച് സമർപ്പിക്കുക. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി : **2025 ജൂലൈ 8** കോഴ്സ് ആരംഭിക്കുന്ന തിയ്യതി: **2025 ജൂലൈ 9** കൂടുതൽ വിവരങ്ങൾ പ്രസ്തുത വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 8547837256, എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്

**കാർഷിക നിർദേശം**

10. പൈനാപ്പിളിന് കുമിൾ ബാധ

നീർവാർച്ച കുറഞ്ഞ സ്ഥലങ്ങളിൽ പൈനാപ്പിളിന് കുമിൾ ബാധ മൂലം വേരുചീയലും തണ്ടുചീയലും കണ്ടു വരുന്നു. രോഗം ബാധിച്ച ചെടിയുടെ മദ്ധ്യഭാഗത്തെ ഇലകൾ എളുപ്പത്തിൽ ഊരിപ്പോരുന്നതും അവയുടെ കട ഭാഗം അഴുകി ദുർഗന്ധം വമിക്കുന്നതുമാണ് പ്രധാന ലക്ഷണങ്ങൾ. ട്രൈക്കോഡെർമ സമ്പുഷ്ടീകരിച്ച ചാണകപ്പൊടിയോ, കമ്പോസ്റ്റോ മണ്ണിൽ ചേർത്തുകൊടുക്കുന്നതു വഴി രോഗം

വരുന്നത് തടയാം. ഇതോടൊപ്പം വേരിൽ മീലിമൂട്ടകളും കാണാറുണ്ട്. വെർട്ടിസീലിയം എന്ന ജീവാണുകൾച്ചർ പൊടി 20 ഗ്രാം ഒരു ലിറ്റർവെള്ളത്തിൽ എന്ന തോതിൽകലർത്തി വേരുഭാഗത്ത് ഒഴിച്ചുകൊടുത്ത് ഇവയെ നിയന്ത്രിക്കാം

11. പച്ചക്കറികളിൽ മൃദുരോമപ്പൂപ്പ്

പടിഞ്ഞാറൻ മൺസൂണിന്റെആരംഭമായതിനാൽ പച്ചക്കറികളിൽ മൃദുരോമപ്പൂപ്പ് എന്ന കുമിൾരോഗം കാണാനിടയുണ്ട്. ഈ രോഗത്തിന് മുൻകരുതലായി ട്രൈക്കോഡർമ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ 15 ദിവസം ഇടവിട്ട് ഇലയുടെ അടിയിൽ പതിയത്തക്ക വിധത്തിൽ കലക്കിതളിക്കുന്നത് നല്ലതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം